LIBRARY ARCHIVES Kerala Legislative Assembly

ഡാം സുരക്ഷാ - പുനരധിവാസ പദ്ധതികൾ

18 (2006) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യത്തിന് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡാം സുരക്ഷാ-പുനരധിവാസ പദ്ധതികൾക്കായി 2014-15 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 32 കോടി രൂപ വകയിരുത്തിയിരുന്നത് വിനിയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളെ സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ ?

ഉത്തരം

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള 12 ജലവൈദ്യുത പദ്ധതി ഡാമുകളിലെ പുനരുദ്ധാരണ പ്രവർത്തനങ്ങൾക്കായി 2014-15-ലെ ബഡ്ജറ്റിൽ നിന്നും വിവിധയിനങ്ങളിൽ 3.3231 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

ഇനം	തുക (കോടിയിൽ)
ഡാം റീഹാബിലിറ്റേഷൻ	0.7787
ഡാം സുരക്ഷാ ശാക്തീകരിക്കൽ	0.1174
പ്രോജക്ട് മാനേജ്മെന്റ്	2.427
ആകെ	3.3231

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി

19(2007) ശ്രീ. ജി. എസ്. ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് കൈമാറ്റ പദ്ധതിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതിൻ പ്രകാരം കെ.എസ്.ഇ.ബി. കൈമാറ്റ പദ്ധതിയുടെ ഭാഗമായി പുറത്തിറങ്ങിയ സർക്കാർ വിജ്ഞാപനം കൈമാറ്റ പദ്ധതിയും ത്രികക്ഷി കരാറും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) പ്രസ്തുത സർക്കാർ വിജ്ഞാപന പ്രകാരവും ത്രികക്ഷികരാർ വ്യവസ്ഥ പ്രകാരവും കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ പെൻഷൻ ബാദ്ധ്യത നിറവേറ്റുന്നതിന് ഒരു പെൻഷൻ ഫണ്ട് രൂപീകരിക്കണമെന്നും ടി ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ വിഹിതം നൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുള്ളതായി അറിയുമോ ; എത്ര തുകയാണ് പെൻഷൻ ഫണ്ടിലേക്ക് നൽകാമെന്ന് ധനകാര്യ വകുപ്പ് സമ്മതിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ഡി) പ്രസ്തുത വകുപ്പിലെ ജീവനക്കാർക്ക് പെൻഷൻ മുടക്കംകൂടാതെ നൽകുന്ന കാര്യത്തിൽ സർക്കാർ ഗ്യാരന്റി നൽകിയിട്ടുള്ളതായി പ്രസ്തുത വിജ്ഞാപനത്തിലും ത്രികക്ഷി കരാറിലും വ്യവസ്ഥയുണ്ടെന്നുള്ള കാര്യം അറിവുള്ളതാണോ ; ഈ കാര്യത്തിൽ ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; എന്തൊക്കെ ഗ്യാരന്റി വ്യവസ്ഥകളാണ് ധനകാര്യ വകുപ്പ് അംഗീകരിച്ചിട്ടുള്ളത് ;

(ഇ) പെൻഷൻ ഫണ്ട് ഇനത്തിൽ സർക്കാർ വിഹിതമായി നാളിതുവരെ എത്ര തുകയ്ക്ക് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ട് ; കെ.എസ്.ഇ.ബി. ലിമിറ്റഡിന് എത്ര തുക നാളിതുവരെ കൈമാറ്റം ചെയ്തിട്ടുണ്ട് ; വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി (2013)-യുടെ ഖണ്ഡിക 6(8) അനുസരിച്ച് സർക്കാരും വൈദ്യുതി ബോർഡ് ലിമിറ്റഡും ജീവനക്കാരുടെ സംഘടനകളും ചേർന്ന് ത്രികക്ഷി കരാർ ഒപ്പുവച്ചിട്ടുണ്ട്.

(സി) കേരള ഇലക്ട്രിസിറ്റി രണ്ടാം കൈമാറ്റ പദ്ധതി പ്രകാരം കെ.എസ്.ഇ.ബി. ലിമിറ്റഡ് എന്ന കമ്പനിയിൽ പെൻഷൻ ബാധ്യത നിറവേറ്റുന്നതിനും പെൻഷൻ ഫണ്ട് രൂപീകരണത്തിനും ടി ഫണ്ട് രൂപീകരിക്കുന്നതിന് സർക്കാർ വിഹിതം നൽകുമെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. 31-10-2013-ൽ കണക്കാക്കിയ ആക്ച്യൂറിയൽ വാല്യുവേഷൻ അനുസരിച്ച് പെൻഷൻ ബാധ്യത 12419 കോടി രൂപയാണ്. ഈ തുകയിൽ 524 കോടി രൂപ സംസ്ഥാന സർക്കാർ ബഡ്ജറ്റ് അലോക്കേഷൻവഴി 10 വർഷമായി വൈദ്യുതി ബോർഡിന് നൽകുന്നതും ബാക്കി തുകയായ 11895 കോടി രൂപയ്ക്ക് കെ.എസ്.ഇ.ബി ലിമിറ്റഡ് രണ്ടുതരം ബോണ്ടുകൾ പുറപ്പെടുവിച്ച് പെൻഷൻ ഫണ്ട് കൈകാര്യം ചെയ്യുന്നതിന് രൂപീകരിക്കുന്ന മാസ്റ്റർ ട്രസ്റ്റിന് നൽകുന്നതുമാണ്. ഇതിൽ 5861 കോടി രൂപ സംസ്ഥാന സർക്കാർ അടുത്ത പത്തുവർഷം കൊണ്ട് ഫണ്ടു ചെയ്യുന്നതും ആയതിലേയ്ക്കായി ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ പിരിച്ചെടുക്കുന്ന തുക ഉപയോഗിക്കുന്നതിന് കെ.എസ്.ഇ.ബി. ലിമിറ്റഡിനെ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പെൻഷൻ മുടക്കം കൂടാതെ നൽകുന്ന തരത്തിൽ പെൻഷൻ ഫണ്ടും മാസ്റ്റർ ട്രസ്റ്റും രൂപീകരിക്കുന്നതും പെൻഷൻ ഫണ്ടിലേക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെയും സർക്കാരിന്റെയും വിഹിതം നൽകുന്നതും സംബന്ധിച്ച വ്യവസ്ഥകൾ സർക്കാർ അംഗീകരിച്ചുകൊണ്ടാണ് രണ്ടാം കൈമാറ്റ പദ്ധതി പുറപ്പെടുവിച്ചിട്ടുള്ളത്.

(ഇ) പെൻഷൻ നൽകുന്നതിനായി ബഡ്ജറ്റ് അലോക്കേഷൻവഴി 2012-13 സാമ്പത്തിക വർഷം മുതൽ പ്രതിവർഷം 52.40 കോടി രൂപ സർക്കാരിൽ നിന്നും അനുവദിച്ചു കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡ് സർക്കാരിന് നൽകേണ്ട 31-3-2015 വരെയുള്ള ഇലക്ട്രിസിറ്റി ഡ്യൂട്ടിയുമായി പെൻഷൻ ഫണ്ടിലേക്ക് ലഭിക്കേണ്ട തുക തട്ടിക്കിഴിക്കുകയുണ്ടായി. ഇപ്രകാരം 1-4-2008 മുതൽ 31-3-2012 വരെയുള്ള കാലയളവിൽ ഇലക്ട്രിസിറ്റി ഡ്യൂട്ടിയിനത്തിൽ സർക്കാരിന് ബോർഡ് നൽകേണ്ട 1522.53 കോടി രൂപയും 1-11-2013 മുതൽ 31-12-2014 വരെ പെൻഷൻ ഫണ്ടിനത്തിൽ പ്രതിവർഷം 586.10 കോടി രൂപ വീതം ലഭിക്കേണ്ട ആകെ 683.79 കോടി രൂപയും അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾ

20(2008) ശ്രീ. കെ.ശിവദാസൻ നായർ :
ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ.ജോസഫ് വാഴക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിതരണ ശൃംഖലയുമായി ബന്ധപ്പെട്ട് സംഭവിക്കുന്ന അപകടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകിവരുന്നത് ;

(ബി) ഈ സർക്കാരിന്റെ കാലത്ത് നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ലഭിക്കുന്നതിന് എന്തെല്ലാം വ്യവസ്ഥകളാണ് നിലവിലുള്ളതെന്നും വിശദമാക്കുമോ ;

(സി) പ്രസ്തുത നഷ്ടപരിഹാരത്തുക സമയബന്ധിതമായി വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ വിതരണ ശൃംഖലയിൽ നിന്നും പൊതുജനങ്ങൾക്ക് സംഭവിക്കുന്ന മാരകവും മാരകമല്ലാത്തതുമായ അപകടങ്ങൾക്ക് 'വൈദ്യുതി സുരക്ഷാ പദ്ധതി' പ്രകാരമുള്ള ആശ്വാസ ധനസഹായം/നഷ്ടപരിഹാരം അനുവദിച്ചുവരുന്നു. ഉപഭോക്താവിന്റെ ഉപകരണങ്ങളിൽ നിന്നും സംഭവിക്കുന്ന അപകടങ്ങൾ ടി പദ്ധതിയിൽ ഉൾപ്പെടുന്നില്ല. വൈദ്യുതി അപകടങ്ങൾക്കുള്ള

LIBRARY ARCHIVES Kerala Legislative Assembly